# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1936 05.10.2016 -ൽ മറുപടിക്ക്

## തിരുവനന്തപുരം മൃഗശാല

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീ. കെ.രാജു

(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിൽ ഈയിടെ ഒട്ടേറെ മാനുകൾ, വിദേശ ഇനം പക്ഷികൾ എന്നിവ ചത്തുപോകാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. കഴിഞ്ഞ നാല് മാസക്കാലയളവിനുള്ളിൽ മൂന്ന് പുള്ളിമാനുകളും, രണ്ട് വിദേശ ഇനം പക്ഷികളുമാണ് ചത്തുപോയിട്ടുള്ളത്. പുള്ളിമാനുകൾ എണ്ണം കൂടുതലായതിനാൽ പരസ്പരമുള്ള പോരാട്ടംകൊണ്ട് മാരകമായി പരിക്കേറ്റതിനാലാണ് മരണപ്പെട്ടത്. മൃഗശാലയിലെ പക്ഷികളിൽ ചെള്ള് ബാധ കണ്ടെത്തിയതിനെ തുടർന്ന് ജീവികൾക്കും, സന്ദർശകർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ എല്ലാ പക്ഷികൾക്കും മരുന്ന് നൽകിയിരുന്നു. ഇക്കാലയളവിൽ പ്രായമുള്ള ട്യൂമർബാധിച്ച രണ്ട് പക്ഷികൾ ചത്തുപോവുകയുണ്ടായി. മൃഗശാലയിൽ പ്രായാധിക്യം കൊണ്ടും മൃഗങ്ങൾ തമ്മിൽ പരസ്പരം പോരടിക്കുന്നതും കൊണ്ട് മാത്രമാണ് സാധാരണ മരണങ്ങൾ ഉണ്ടാകുന്നത്. |
| (ബി) | ഇപ്പോൾ ഹിമാലയൻ കരടി മരണാസന്നനിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. ഹിമാലയൻകരടിയുടെ ശരാശരി ആയുസ്സ് 25 വർഷമാണ്. 31.03.2004 ൽ ഹരിയാനയിലെ ബിവാനി മൃഗശാലയിൽ നിന്നും കൊണ്ടുവന്ന ഹിമാലയൻ കരടിയുടെ പ്രായം 25 വയസ്സാണ്. വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ കൊണ്ടാണ് കിടപ്പിലായത്. മൃഗശാലാ ആശുപത്രിയിൽ ഇതിന് പ്രത്യേക പരിചരണം നൽകി വരികയായിരുന്നു. പ്രസ്തുത കരടി 03.10.2016 രാത്രി 10.30 ന് മരണപ്പെട്ടു. |
| (സി) | കൃത്യസമയത്ത് ചികിത്സയും പരിചരണവും ലഭിക്കാത്തതാണ് മൃഗങ്ങളുടെ രോഗാവസ്ഥക്കും മരണത്തിനും ഇടയാക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) | മൃഗശാലയിലെ എല്ലാ ജീവികൾക്കും യഥാസമയത്ത് കൃത്യമായ പരിചരണവും, ചികിത്സയും നൽകി വരുന്നുണ്ട്. |
| (ഡി) | എങ്കിൽ മൃഗശാലയിലെ മൃഗങ്ങൾക്ക് കൃത്യസമയത്ത് ഭക്ഷണം, ചികിത്സ അടക്കമുള്ള പരിചരണങ്ങൾ എന്നിവ ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദമാക്കുമോ ? | (ഡി) | മൃഗശാലയിലെ മൃഗങ്ങൾക്ക് കൃത്യസമയത്ത് ഭക്ഷണം, യഥാസമയത്ത് ചികിത്സ എന്നിവയടക്കമുള്ള പരിചരണങ്ങൾ യാതൊരുവിധ വീഴ്ചയും കൂടാതെ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ